# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.748 — 04.03.2020 -ൽ മറുപടിയ്ക്ക്

## വനംവകുപ്പിനെ ആധുനികവൽക്കരിക്കാനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പ്രാകൃതവും അശാസ്ത്രീയവുമായ രീതികളുമായി വനസംരക്ഷണത്തിനിറങ്ങിയാൽ വനപാലകരുടെ ജീവന് ഏത് സമയത്തും അപകടം സംഭവിക്കാം എന്നതിന്റെ തെളിവായി കൊറ്റമ്പത്തൂരിലെ കാട്ടുതീ മൂലമുള്ള അപകടത്തെ സർക്കാർ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. അടിക്കാട് വെട്ടി തെളിയ്ക്കുന്ന പ്രവൃത്തി HNL കമ്പനി യഥാസമയം ചെയ്യാതിരുന്നതും പ്രതികൂല കാലാവസ്ഥയുമാണ് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കാൻ കാരണമായത് എന്നാണ് പ്രാഥമിക നിഗമനം. |
| (ബി) പ്രതിവർഷം പതിനഞ്ച് കോടിയോളം രൂപ കാട്ടുതീ തടയാൻ വനംവകുപ്പ് ചെലവഴിക്കുമ്പോഴും മരത്തിന്റെ കമ്പുകൾ കൊണ്ട് തീ തല്ലിക്കെടുത്തുന്ന രീതിക്കും നീളമുള്ള ഇരുമ്പ് പൈപ്പിന്റെ അറ്റത്ത് റബ്ബർ വള്ളി ഘടിപ്പിച്ചുള്ള ഫയർ ബീറ്ററിനും | (ബി) കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം |

| | | | |
|---|---|---|---|
| | പുറമെ കാട്ടുതീ തടയാൻ എന്ത് പ്രതിരോധമാർഗ്ഗമാണ് വനം വകുപ്പിനുള്ളതെന്ന് അറിയിക്കാമോ ; | | പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്. |
| (സി) | എങ്കിൽ കേരളത്തിലെ എല്ലാ വനമേഖലകളിലും തീ പടരാനുള്ള സാധ്യതയുള്ളതിനാൽ വനപാലകരുടെ ജീവനും അമൂല്യമായ വനസമ്പത്തും വന്യജീവികളുടെ ജീവനും സംരക്ഷിക്കുന്നതിനായി വനംവകുപ്പിനെ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | കേരളത്തിലെ എല്ലാ വനമേഖലകളിലും തീ പടരാനുള്ള സാധ്യതയുള്ളതിനാൽ വനപാലകരുടെ ജീവനും അമൂല്യമായ വനസമ്പത്തും വന്യജീവികളുടെ ജീവനും സംരക്ഷിക്കുന്നതിനായി വനംവകുപ്പിനെ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം |

പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്വിഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ